KOLLAMCITY POLICE
https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 25/02/2020

# വധശ്രമക്കേസിൽ ഒളിവിൽ കഴിഞ്ഞിരുന്ന പ്രതികൾ കോടതിയിൽ കീഴടങ്ങി

ശക്തികുളങ്ങര പോലീസ് സ്റ്റേഷനിൽ 2019 നവംബർ 04-ാം തീയതി രജിസ്റ്റർ ചെയ്ത നരഹത്യാശ്രമക്കേസിലെ പ്രതികൾ കൊല്ലം കോടതിയിൽ കീഴടങ്ങി. ശക്തികുളങ്ങര പോലീസ് സ്റ്റേഷൻ പരിധിയിൽ കന്നിമേൽച്ചേരി തോട്ടിന്റെ പടിഞ്ഞാറ്റതിൽ ബിജു (44) -നെ ആക്രമിച്ച കേസിലെ പ്രതികളായ ശക്തികുളങ്ങര കിഴക്കേത്തറ കിഴക്കതിൽ ചന്തു(23),ആവിത്തറ വീട്ടിൽ സുബിൻ (23) എന്നിവരാണ് കീഴടങ്ങിയത്. പ്രതികൾ മയക്കുമരുന്ന് ഉപയോഗിക്കുന്ന വിവരം ടിയാന്മാരുടെ മാതാപിതാക്കളോട് ബിജു പറഞ്ഞതിലുള്ള വിരോധം നിമിത്തമാണ് ഇരുമ്പ് പൈപ്പ് കൊണ്ട് പ്രതികൾ ബിജുവിനെ ആക്രമിച്ചത്.കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ട ശേഷം ഒളിവിൽ കഴിയുന്ന പ്രതികളെ എത്രയും വേഗം പിടികൂടണമെന്നുള്ള കൊല്ലം സിറ്റി ജില്ലാ പോലീസ് മേധാവിയുടെ കർശന നിർദേശത്തെത്തുടർന്ന് ശക്തികുളങ്ങര പോലീസ് പഴുതടച്ച അന്വേഷണം നടത്തുന്നതിനിടെയാണ് പ്രതികൾ കോടതിയിൽ കീഴടങ്ങിയത്. ടിയാന്മാരെ കോടതി റിമാന്റ് ചെയ്തു.